**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1167** **10-08-2023 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയുടെ സിവേജ് പൈപ്പ് ലൈൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ആനയറയിൽ വാട്ടർ അതോറിറ്റിയുടെ സിവേജ് പൈപ്പ് ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം തടയുന്ന രീതിയിലുള്ള നടപടികൾ ഉണ്ടായതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | ഇടത്തറ പമ്പിംഗ് സ്റ്റേഷൻ മുതൽ മുട്ടത്തറ സീവറേജ് സംസ്കരണശാല വരെ 800 മി.മീ. വ്യാസമുള്ള ഡക്ക്ടൈൽ അയൺ പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ആനയറ ലോർഡ്സ് ആശുപത്രിക്കടുത്ത് ദേശീയപാത എച്ച്.ഡി.ഡി. രീതിയിൽ ക്രോസ് ചെയ്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ കരാർ ശ്രീ. ഉദയ് ബാബു വി.എസ്. എന്ന കരാറുകാരന് നൽകിയിരുന്നു. ദേശീയ പാത വിഭാഗത്തിൽ നിന്നും, തിരുവനന്തപുരം നഗരസഭയിൽ നിന്നും അനുമതി ലഭിക്കുവാനുണ്ടായ കാലതാമസം കാരണം കരാറുകാരൻ വൈകിയാണ് പ്രവൃത്തി ആരംഭിച്ചത്. അതിനാൽ പ്രവൃത്തി പൂർത്തികരിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിലും, അതിവേഗത്തിലും പൂർത്തീകരിക്കേണ്ട പ്രവൃത്തി വളരെ സാവധാനത്തിലാണ് കരാറുകാരൻ തുടങ്ങിയത്. പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നിരവധി നിർദ്ദേശങ്ങൾ നൽകിയിട്ടും കരാറുകാരൻ അത് ഗൗരവമായെടുത്തില്ല.<br><br>ദേശീയ പാതയ്ക്കടിയിലൂടെ ദേശീയ പാത അതോറിറ്റിയുടെ നിബന്ധന കൾക്കു വിധേയമായി 600 മി.മീ. മൈൽഡ് സ്റ്റീൽ പൈപ്പുകളും അതിന് ആവരണമായി 900 മി.മീ. വ്യാസമുള്ള എച്ച് .ഡി.പി.ഇ. പൈപ്പുകളും എച്ച്.ഡി.ഡി. രീതിയിൽ സ്ഥാപിക്കണമായിരുന്നു. ഇതിനുള്ള പൈപ്പുകൾ ഏതാണ്ട് 170 മീറ്ററോളം ദൈർഘ്യത്തിൽ യോജിപ്പിച്ച് ആനയറ ലോർഡ്സ് ആശുപത്രിയ്ക്കടുത്തുള്ള മഹാരാജാസ് ലെയിനിൽ വയ്ക്കുകയായിരുന്നു. രണ്ടാഴ്ച കൊണ്ട് പൂർത്തിയാക്കുമെന്നറിയിച്ചുകൊണ്ടാണ് കരാറുകാരൻ പൈപ്പുകൾ അവിടെക്കൊണ്ടു വച്ചത്. എന്നാൽ രണ്ടു മാസമായിട്ടും പ്രവൃത്തി |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കാത്തതിനാൽ ജന ങ്ങൾക്ക് അവരുടെ വീടുകളിൽ നിന്നും റോഡിലേക്കിറങ്ങുന്നതിനും വാഹന ഗതാഗതത്തിനും തടസ്സമായി. കൂടാതെ, ലോർഡ്സ് ആശുപത്രിയി ലേയ്ക്കുള്ള വാഹന ഗതാഗതത്തിനും തടസ്സമുണ്ടായി. പൈപ്പുകൾ യോജിപ്പിച്ച ശേഷം ദേശീയപാതയ്ക്കടിയിലൂടെ ഒരു തുരങ്കമുണ്ടാക്കി ആ തുരങ്കത്തിലേയ്ക്ക് പൈപ്പിനെ വലിച്ചിടാനുള്ള ശ്രമമാരംഭിച്ചെങ്കിലും യന്ത്രത്തിന്റെ തകരാർ കാരണം അത് പരാജയപ്പെട്ടു. ഇതിനിടയിൽ ഈ പ്രവൃത്തിയ്ക്കെതിരെ പൊതുജനങ്ങൾ പ്രക്ഷോഭമാരംഭി ക്കുകയും, ലോർഡ്സ് ആശുപത്രി ബഹു. ഹൈക്കോടതിയിൽ വ്യവഹാരം സമർപ്പിക്കുകയും ചെയ്തു. യന്ത്രം തകരാറായപ്പോൾ പകരം യന്ത്രമെത്തിച്ച് അടിയന്തരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനു പകരം കേടായ യന്ത്രത്തിന്റെ തകരാർ പരിഹരിക്കാനാണ് കരാറുകാരൻ ശ്രമിച്ചത്. ഇതിന് കൂടുതൽ സമയം വേണ്ടി വന്നു .<br><br>ഇതിനിടയിൽ ജനങ്ങളുടെ എതിർപ്പ് രൂക്ഷമാവുകയും,ബഹു ഹൈക്കോടതി 05.07.2023-ന് മുമ്പ് പ്രവൃത്തി പൂർത്തീകരിക്കുകയോ അല്ലെങ്കിൽ പൈപ്പുകൾ അവിടെനിന്നും മാറ്റുകയോ ചെയ്യണമെന്ന് ഇടക്കാല ഉത്തരവ് നൽകുകയും ചെയ്തിരുന്നു. യന്ത്രത്തിന്റെ തകരാർ പരിഹരിച്ചെങ്കിലും 05:07:2023 ഉച്ച വരെ ശ്രമിച്ചിട്ടും പൈപ്പ് വലിച്ചു നീക്കാൻ കഴിയാതെ വന്നു. തുടർന്ന് ബഹു. കോടതിയുടെ നിർദ്ദേശം നടപ്പിലാക്കാനായി പൈപ്പുകൾ അവിടെ നിന്നും മുറിച്ചു മാറ്റുവാൻ കരാറുകാരന് നിർദ്ദേശം നൽകിയെങ്കിലും കരാറുകാരൻ അതിനും തയ്യാറായില്ല. തുടർന്ന് മറ്റൊരു കരാറുകാരനെക്കൊണ്ട് പൈപ്പുകൾ മുറിച്ചു മാറ്റി ഗതാഗത തടസ്സമൊഴിവാക്കി കോടതി വിധി നടപ്പിലാക്കേണ്ടി വന്നു. കരാറുകാരൻ കൂടുതൽ വിദഗ്ധ തൊഴിലാളികളെയും, ആവശ്യമായ യന്ത്രസാമഗ്രികളും എത്തിച്ച് ആവശ്യമായ സജ്ജീകരണങ്ങളോടുകൂടി പ്രവൃത്തി നടത്തിയിരുന്നു വെങ്കിൽ ഈ പ്രശ്നം ഉണ്ടാകുമായിരുന്നില്ല. ആവർത്തിച്ചുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടും കരാറുകാരന്റെ ഭാഗത്തു നിന്നുള്ള നിരുത്തരവാദിത്തപരമായ പെരുമാറ്റം കാരണമാണ് ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടയുന്ന സ്ഥിതി ഉണ്ടായത്. |
| (ബി) | ഈ കാര്യത്തിൽ ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും പ്രസ്തുത സീവേജ് പൈപ്പ് ലൈൻ പണി നിലയ്ക്കുവാനുള്ള കാരണം എന്താണെന്നും | (ബി) | ബഹു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം കരാറുകാരന് നൽകിയിരുന്നു. വിഷയത്തിന്റെ ഗൗരവം |

| | | | |
|---|---|---|---|
| | സമയബന്ധിതമായി പണിപൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ; | | കണക്കിലെടുത്ത് ഉന്നത തല യോഗം ചേരുകയും യോഗ തീരുമാനപ്രകാരം കരാറുകാരൻ തകരാറ് പരിഹരിക്കാനായി ചെന്നൈയിലേയ്ക്കയച്ച യന്ത്രഭാഗത്തിന്റെ തകരാർ പരിഹരിച്ച് തിരിച്ചെത്തിക്കുന്നത് കൃത്യമായി വീക്ഷിക്കാൻ ജല അതോറിറ്റിയിൽ നിന്നും ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കുകയും ചെയ്തിരുന്നു. കൂടാതെ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ഏകോപനത്തിനും, മേൽനോട്ടം വഹിക്കുന്നതിനുമായി രാവും പകലും ഷിഫ്റ്റ് അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ നിയോഗിക്കുകയും, ഉന്നത ഉദ്യോഗസ്ഥർ കൃത്യമായി അതിന്റെ പുരോഗതി അവലോകനം ചെയ്യുകയും ചെയ്തിരുന്നു. പൈപ്പ് വലിച്ചിടുന്നതിനുള്ള യന്ത്രത്തിനുണ്ടായ തകരാറും, തകരാറ് പരിഹരിച്ചിട്ടും യന്ത്രത്തിന് പൈപ്പ് വലിച്ചിടാൻ കഴിയാതെ വന്നതും തിരി ച്ചടിയായി. പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് പകരം യന്ത്രമോ കൂടുതൽ സജ്ജീകരണങ്ങളോ ഏർപ്പെടുത്തുവാൻ കരാറുകാരൻ തയ്യാറാകാത്ത താണ് പണി നിലയ്ക്കുവാനുള്ള പ്രധാന കാരണം.<br><br>ആയതിനാൽ നിലവിലെ കരാർ റദ്ദ് ചെയ്ത് പ്രസ്തുത പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദി ത്തത്തിൽ പൂർത്തീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അതേസമയം കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതുൾപ്പെടെയുള്ള ആവശ്യങ്ങളുന്ന യിച്ചുകൊണ്ട് കരാറുകാരൻ ബഹു ഹൈക്കോടതിയെ സമീപിക്കുകയും കരാറുകാരന്റെ ആവശ്യം പരിഗണിക്കുവാൻ ബഹു. ഹൈക്കോടതി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | അടിയന്തരമായി പണി പൂർത്തീകരിച്ച് ജനങ്ങളുടെ ദുരിതമൊഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പ്രവൃത്തി ഇടത്തറ പമ്പ്ഹൗസിൽ ശേഖരിക്കുന്ന സീവറേജ് മാലിന്യം മുട്ടത്തറയിലെ സീവറേജ് സംസ്കരണശാലയിലെത്തിക്കുന്നതിനുള്ള പ്രധാന പമ്പിംഗ് പൈപ്പ് ലൈൻ പിക്കുവാനുളളതാണ്. ഈ പ്രവൃത്തി ഒഴിവാക്കാനാവുകയില്ല. ആയതിനാൽ കരാറുകാ രന്റെ നഷ്ടാത്തരവാദിത്തത്തിൽ പ്രവൃത്തി ചെയ്യുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ചെങ്കിലും, ആരും പങ്കെടുത്തില്ല. തുടർന്ന് പുനഃ ദർഘാസുകൾ ക്ഷണിച്ചിരിക്കുകയാണ്. പൊതുജനങ്ങൾക്ക് പരമാവധി ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ